**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2109** **03-03-2025 - ൽ മറുപടിയ്ക്ക്**

**കാഞ്ഞൂർ കുടുംബാരോഗ്യ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയത് എന്ന് മുതലാണെന്ന് വ്യക്തമാക്കാമോ; | (എ) | 22.10.2020 ലെ സ. ഉ (സാധാ )1947 / 2020/ ആ.കു.വ നമ്പർ ഉത്തരവ് പ്രകാരമാണ് കാഞ്ഞൂർ പ്രാഥമിക ആരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയത്. |
| (ബി) | ഇവിടെ കുടുംബാരോഗ്യ കേന്ദ്രത്തിനനുസൃതമായി ജീവനക്കാരെ നിയമിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഗ്യാപ്പ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ച് വരുന്നുണ്ട്. കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിനുവേണ്ടി 15.50 ലക്ഷം രൂപ എൻ.എച്ച്.എം ആർ.ഒ.പി യിൽ അനുവദിക്കുകയും എച്ച്.എൽ.എൽ എന്ന ഏജൻസിയെ പ്രവർത്തി ചെയ്യാൻ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ